**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5676** **18.11.2019 –** ൽ മറുപടിയ്ക്ക്

## വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം

ചോദ്യം
ശ്രീ.റ്റി.വി.രാജേഷ്

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമായി ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത്; പ്രസ്തുത ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ മാനദണ്ഡങ്ങൾ ആണ് നിലവിലുള്ളത്; വിശദമാക്കാമോ; | (എ) | 30,000/-രൂപ. ധനസഹായം ലഭിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വിവാഹദിവസം പെൺകുട്ടിക്ക് 18 വയസ്സ് കഴിഞ്ഞിരിക്കണം.<br>2. വാർഷിക കുടുംബവരുമാനപരിധി 2 ലക്ഷം രൂപ.<br>3. വിവാഹിതയാകുന്ന പെൺകുട്ടി മൂന്ന് വർഷം കേരളത്തിൽ സ്ഥിരതാമസമായിരിക്കണം.<br>4. വിധവകൾ/മൂന്ന് വർഷമായി വിവാഹ മോചിതരായി കഴിയുന്ന സ്ത്രീകൾ/ ഭർത്താവ് ഉപേക്ഷിച്ച/ ഭർത്താവിനെ കാണാതായി ഏഴ് വർഷം കഴിഞ്ഞവർ/ അവിവാഹിതരായ സ്ത്രീകൾ എന്നിവരുടെ പെൺമക്കൾക്ക് വിവാഹധനസഹായത്തിന് അർഹതയുണ്ട്.<br>5. വിവാഹത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് ഒരു മാസം മുമ്പെങ്കിലും അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ വിവാഹം കഴിഞ്ഞ തീയതി മുതൽ |

| | | | |
|---|---|---|---|
| | | | ഒരു വർഷത്തിനകം സമർ-പ്പിക്കുന്ന അപേക്ഷകളുടെ കാലതാമസം മാപ്പാക്കുന്നതിന് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും ഒരു വർഷം കഴിഞ്ഞ് 3 വർഷം വരെയുള്ള കാലതാമസം മാപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർക്കും അധികാരം ഉണ്ട്. |
| (ബി) | 2018-19 സാമ്പത്തിക വർഷം എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | 6134 പേർക്ക്. |

**സെക്ഷൻ ഓഫീസർ**